PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FOURTH SESSION 1951

Thursday, *the 20th September 1951*

VOL. IV **OFFICIAL REPORT** **NO. 4**

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Thursday, the 20th September 1951 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the serial numbers in the list of admitted questions for the day.)

ORAL ANSWERS

ലാൻഡ് ടാക്സ് എൻകമ്പയറി റിപ്പോർട്ട്

* ൭൯ (൧) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ലാൻഡ് ടാക്സ് എൻകമ്പയറിക്കമ്മീഷനെ എപ്പോൾ ഗവൺമെൻറിലേക്ക് റിപ്പോർട്ട് സമർപ്പിച്ചു;

(ബി) ആ റിപ്പോർട്ടിന്മേൽ ഇതേവരെ എന്തു നടപടി നടത്തി?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പ് മന്ത്രി (ശ്രീ. എൽ. എം. പൈലി)

(എ) വ— ൧—൯൯ ൽ ൦.

(ബി) റിപ്പോർട്ട് ഗവൺമെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നു.

ശ്രീ. പി. നാണു: റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള സംഗതികൾ വളരെ പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളാണെന്നും ഗവൺമെൻറിനും ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: വളരെ പ്രാധാന്യമർഹിക്കുന്ന കാര്യങ്ങൾതന്നെയാണ്.

ശ്രീ. പി. നാണു: അങ്ങനെയിരിക്കെ ഇക്കാര്യത്തിൽ ഇത്ര കാലതാമസം വരുവാൻ കാരണമെന്താണ്?

ശ്രീ. എൽ. എം. പൈലി: കാലതാമസം ഒന്നുമില്ല. വേണ്ട നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. നാണു: എന്തെല്ലാം നടപടികളാണ് നടത്തിയിട്ടുള്ളത്?

ശ്രീ. എൽ. എം. പൈലി: ഒരു റിപ്പോർട്ട് സമർപ്പിച്ചാൽ അതിനെപ്പറ്റി പല നടപടികളും എടുക്കുവാനുണ്ട്. ആ നടപടികൾ ഒന്നൊന്നായി തുടരെത്തുടരെ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. നാണു: രണ്ടുകൊല്ലംകൊണ്ട് എത്രമാത്രം പുരോഗമിച്ചു കഴിഞ്ഞിട്ടുണ്ട്?

ശ്രീ. എൽ. എം. പൈലി: വളരെ പുരോഗമിച്ചു കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാണു: റിപ്പോർട്ടിന്റെ ഇന്നത്തെ നിലയെന്താണ്?

ശ്രീ. എൽ. എം. പൈലി: അതു് പല നടപടികളും കഴിഞ്ഞു പോയിട്ടുണ്ട്.

ശ്രീ. പി. നാണു: ഒരു ബിൽ അവതരിപ്പിക്കുവാനുള്ള നിലയിൽ അതു എത്തി കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിന്റെ സമീപത്തിൽ എത്തിയിട്ടുണ്ട്.

ശ്രീ. പി. നാണു: ഈ അസംബ്ലിയിൽ അതു് അവതരിപ്പിക്കാൻ കഴിയുമോ?

ശ്രീ. എൽ. എം. പൈലി: ഈ സെക്ഷനിൽ കഴിയുകയില്ല.

ശ്രീ. പി. നാണു: ഈ അസംബ്ലിയുടെ ജീവിതത്തിൽ സാധിക്കുമോ?

ശ്രീ. എൽ. എം. പൈലി: അതു പറയുവാൻ സാധിക്കുകയില്ല.

ശ്രീ. പി. നാണു. ബഹുമാനപ്പെട്ട മന്ത്രിയുടെ മൻഗാമി അങ്ങിനെ പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. എൽ. എം. പൈലി: എന്റെ മുൻഗാമി എന്താണു് പറഞ്ഞിട്ടുള്ളതെന്നു എനിക്കിപ്പോൾ നിശ്ചയമില്ല.

പുതുവൽ പതിവു്

*൭൦. (൨) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി സഭയിൽ മറുപടി പറയുമോ.—

(എ) കിളിമാനൂർ ഇടവകയിലെ പുതുവൽ പതിവു സംഗതിയിൽ ക്രമക്കേടുകൾ ഉണ്ടെന്നും മറ്റും കാണിച്ചു് ഇടവക കടിയാന്മാർ ഗവണ്മെന്റിനു മെമ്മോറിയൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ആ മെമ്മോറിയലിന്റെ അസ്സൽ ഇപ്പോൾ ഏതു് ഉദ്യോഗസ്ഥന്റെ അല്ലെങ്കിൽ ഏതു് ആഫീസിന്റെ അധീനതയിൽ ഇരിക്കുന്നു;

(സി) അതിന്റെ ഇതേവരെയുള്ള നടപടി തീയതിക്രമത്തിനു പറയാൻ ഭയമുണ്ടാകുമോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഒന്നിൽ കൂടുതൽ മെമ്മോറിയലുകൾ ലഭിച്ചിട്ടുണ്ടു്. അതിൽ ഒന്നിന്റെ അസ്സൽ നഷ്ടമായിപ്പോയി. മറ്റേതു് കൈവശമുണ്ടു്.

(ബി) കോപ്പിയെടുത്തു് നടപടിയെടുത്തുവരുന്നു. കാൺഫിഡൻഷ്യൽ എൻകയറിക്കു് അയച്ചിട്ടുണ്ടു്. കൺവീനർ വി. എസ്സു്. പോറ്റിക്കാണു് അയച്ചിട്ടുള്ളതു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ; ഒരു ഫയൽ ഇന്ന ഉദ്യോഗസ്ഥന്റെ കയ്യിലുണ്ടായെന്നു ചോദിക്കുന്നതു് ശരിയാണോ?

Sri. P. Nanoo: Before deciding that point of order, I want to make it clear that the information asked is only with regard to a memorial and not in regard to any file. That is not in respect of any file, but only in respect of the original of a memorial.

Mr. Speaker: With regard to the point of order raised by the hon. Member, I have to state that information regarding the stage at which a particular matter is pending may be asked for, and not with whom a file is pending.

LIBRARY ARCHIVES Kerala Legislative Assembly